**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2527** **17-03-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറിയിൽ ഇ-വാലറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രഷറി മുഖാന്തരം ഇ-വാലറ്റ് സംവിധാനം ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | അടുത്ത സാമ്പത്തിക വർഷത്തിൽ TSB Online പോർട്ടലിനെ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ച് ഇടപാടുകാർക്ക് സാധ്യമാകുന്ന തരത്തിൽ ഒരു ഇ-വാലറ്റ് സംവിധാനം നടപ്പിലാക്കുമെന്ന് 2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഇ-വാലറ്റ് സേവനങ്ങൾ നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം സേവനങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | ഇ-വാലറ്റ് സേവനങ്ങൾ നടപ്പിലാക്കുന്നതിലൂടെ, ഭാവിയിൽ, Utility Payment-കളായ KSEB, കേരള വാട്ടർ അതോറിറ്റി, BSNL, KSFE തുടങ്ങിയവയ്ക്കുള്ള പേയ്മെന്റുകളും മറ്റും ടി.എസ്.ബി ഓൺലൈൻ വഴി നടത്താവുന്നതുമാണ്. |
| (സി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ് വെയർ ഒരുക്കുന്നതിന് National Informatics Centre (NIC) -മായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ